1833
25/1/20

File No.REV-DRF-A1/95/2019-REV

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- തിരുവനന്തപുരം ജില്ലയിൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപെട്ട ചിറയിൻകീഴ് താലൂക്കിലെ അഞ്ചുതെങ്ങ്,ശാർക്കര വില്ലേജിൽപ്പെട്ട 40 ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ)വകുപ്പ്

സ.ഉ.(സാധാ) നം.290/2020/റവ. തീയതി,തിരുവനന്തപുരം, 23/01/2020

പരാമർശം:- 1 02.06.2018 തീയതിയിലെ സ.ഉ (കൈ) നം.6/2018/ ഡി.എം.ഡി.

2 21/06/2018-ലെ സ.ഉ.കൈ.നം.07/2018 ഡി.എം.ഡി

3 06.02.2019 ലെ സ. ഉ (സാധാ ) നം.463/2019/റവ

4 11/02/2019-ലെ സ.ഉ.കൈ.നം.02/2019 ഡി.എം.ഡി.

5 08/03/2019-ലെ സ.ഉ.കൈ.നം.08/2019 ഡി.എം.ഡി.

6 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06.02.2019 ,26.02.2019, 02.11.2019 തീയതികളിലെ

എ5/ഇ- 162091/19 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

01/04/2018-മുതൽ, തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന, കടൽക്ഷോഭത്തിൽ വാസയോഗ്യമല്ലാത്ത രീതിയിൽ വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള എല്ലാ തീരദേശവാസികൾക്കും 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനുമായി ധനസഹായം അനുവദിച്ച് പരാമർശം( 1 ) പ്രകാരം ഉത്തരവാകുകയുണ്ടായി. ടി തുകയിൽ 95,100/- രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 9,04,900/-രൂപ ജില്ലാകളക്ടർമാരുടെ ആവശ്യ പ്രകാരം ധനവകുപ്പിൽ നിന്നും പ്രത്യേകമായി അനുവദിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനവകുപ്പ് അനുവദിക്കുന്ന 9,04,900/-രൂപയിൽ 5,75,000/- രൂപയോ പ്രമാണത്തിൽ പറയുന്ന തുകയോ ,ഏതാണോ കുറവ് അത്, വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിന് പുറത്ത് 3-5 സെന്റ് ഭൂമി വാങ്ങുവാനായി ജില്ലാകളക്ടമാർ നൽകേണ്ടതാണെന്നും ശേഷിക്കുന്ന 4,00,000/- രൂപ വീട് നിർമ്മിക്കാൻ രണ്ട് ഗഡുക്കളായി ജില്ലാകളക്ടർ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. ഇതിനോടനുബന്ധിച്ച് പരാമർശം (2 ,4,5) എന്നീ തുടർ ഉത്തരവുകളും പുറപ്പെടുവിക്കുകയുണ്ടായി.

2. തിരുവനന്തപുരം ജില്ലയിൽ, കടൽക്ഷോഭത്തിൽ വീട് നഷ്ടപെട്ട,ചിറയിൻകീഴ് താലൂക്കിലെ അഞ്ചുതെങ്ങ്-ശാർക്കര വില്ലേജിൽപ്പെട്ട 4 0 ഗുണഭോക്താക്കൾ ഉണ്ടെന്നും ടി ഗുണഭോക്താക്കളിൽ ആദ്യ ഘട്ടങ്ങളിൽ ഭൂമി വാങ്ങി ആധാരം രജിസ്റ്റർ ചെയ്യുകയും തുടർന്ന് വീട് വയ്ക്കുകയും ചെയ്തവർക്ക് അടിയന്തിര സാഹചര്യം കണക്കിലെടുത്ത് , 2018 ലെ പ്രളയക്കെടുതിയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് പരാമർശം (3) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 14 കോടി രൂപയിൽ നിന്നും വകമാറ്റി ചെലവഴിച്ചതായും പ്രസ്തുത നടപടി സാധൂകരിച്ച് നൽകണമെന്നും ചെലവഴിച്ച തുക റീക്കൂപ് ചെയ്ത നൽകണമെന്നും കടൽക്ഷോഭവുമായി ബന്ധപ്പെട്ട് ചിറയിൻകീഴ് താലൂക്കിൽ 4 0 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിന്, ഗുണഭോക്താവൊന്നിന്, 9,04,900/-രൂപ നിരക്കിൽ അകെ 3,61,96,000/- രൂപ (മൂന്നു കോടി അറുപത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റിയാറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും അനുവദിക്കണമെന്നും പരാമർശം (6) പ്രകാരമുള്ള കത്തുകൾ മുഖേന തിരുവനന്തപുരം ജില്ലാ കളക്ടർ

സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടൽക്ഷോഭവുമായി ബന്ധപ്പെട്ട് ചിറയിൻകീഴ് താലൂക്കിൽ 40 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിന്, ഗുണഭോക്താവൊന്നിന്, 9,04,900/-രൂപ നിരക്കിൽ അകെ 3,61,96,000/- രൂപ (മൂന്നു കോടി അറുപത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റിയാറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും അനുവദിച്ച് കൊണ്ടും, പരാമർ ശം ( 3 ) പ്രകാരം അനുവദിച്ച തുകയിൽ നിന്നും മേൽ ആവശ്യത്തിനായി തുക വക മാറ്റിയ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ചു കൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു. വക മാറ്റിയ തുക ആയത് അനുവദിച്ച ആവശ്യത്തിനായി റീക്ലപ് ചെയ്യേണ്ടതും ഇപ്പോൾ അനുവദിക്കുന്ന തുക വിനിയോഗിച്ചത് സംബന്ധിച്ച് ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അടക്കം ഉൾപ്പെടുത്തി വിനിയോഗ സർട്ടിഫിക്കറ്റ് സർ ക്കാരിൽ യഥാസമയം സമർപ്പിക്കേണ്ടതും വിനിയോഗിക്കാതെ ശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4.വിതരണത്തിനാവശ്യമായി വരുന്ന 3,61,96,000/- രൂപ (മൂന്നു കോടി അറുപത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റിയാറായിരം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്. ജില്ലാ കളക്ടർ ധനസഹായം വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എല്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ,തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

മത്സ്യബന്ധന-തുറമുഖ വകുപ്പ്.

ദുരന്ത നിവാരണ ( എ) വകുപ്പ്

റവന്യൂ (ഡിആർഎഫ്-ബി/സി)വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by DEEPU S S
Date: 2020.01.24 11:04:46 IST
Reason: Approved.

സെക്ഷൻ ഓഫീസർ